ഭരണഭാഷ -മാതൃഭാഷ

കളക്ടറേറ്റ്
28 JUL 2021
കോട്ടയം

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

(പബ്ളിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം)

**(ഹാജർ: കെ.ബിജു ഐ.എ.എസ്.)**

**നം.എൽ.ആർ.(സി3)-813/2021** 28/7/21 **തീയതി: 19/07/2021.**

വിഷയം:- എൽ.എ.ആർ.ആർ. പാക്കേജ് - ആലപ്പുഴ ജില്ല - മാക്കേകടവ് - നേരെക്കടവ് പാലം നിർമ്മാണം - പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള പാക്കേജ് - അംഗീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്:

സൂചന:- ആലപ്പുഴ ജില്ലാ കളക്ടറുടെ 30/12/2019, 18/01/2021, 25/01/2021, 27/01/2021, 17/02/21, 26/02/21, 22/06/21, 09/07/21 തീയതികളിലെ ജി2-21819/18 നമ്പർ കത്തും ഉള്ളടക്കങ്ങളും.

****

ആലപ്പുഴ- കോട്ടയം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മാക്കേകടവ് - നേരേക്കടവ് പാലവും അതിന്റെ അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി വില്ലേജിലെ 12.28 ആർസ് ഭൂമിയും കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ വടക്കേമുറി വില്ലേജിൽപ്പെട്ട 08.44 ആർസ് ഭൂമിയും ഏറ്റെടുക്കുന്നത് സംബന്ധിച്ച് 06.08.2018-ലെ ജി.ഒ.(ആർ.റ്റി.) നം.3251/2018/RD, 13/09/2018 ലെ ജി.ഒ(ആർ.റ്റി) നം.1436/2018/പി.ഡബ്ല്യൂ.ഡി എന്നിവ പ്രകാരം സർക്കാർ ഉത്തരവുകൾ ആയിട്ടുള്ളതും, ടി സ്ഥലമെടുപ്പ് സംബന്ധിച്ച സാമൂഹ്യാഘാത പഠനം നടത്തിയിട്ടുള്ളതും ആയത് സർക്കാർ അംഗീകരിച്ചിട്ടുള്ളതുമാണ്. സ്ഥലമെടുപ്പ് സംബന്ധിച്ച 11(1) നോട്ടിഫിക്കേഷൻ നിയമം അനുശാസിക്കുന്ന തരത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ടി സ്ഥലമെടുപ്പ് സംബന്ധിച്ച 11(1) നോട്ടിഫിക്കേഷൻ 27/02/2020-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും, ആലപ്പുഴ ജില്ലാ കളക്ടറുടെ 22/06/2021 -ലെ ജി2-21819/18 നമ്പർ ഉത്തരവ് പ്രകാരം 11(1) നോട്ടിഫിക്കേഷന്റെ കാലപരിധി 31.08.2021 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതുമാണ്. RFCTLARR Act ചട്ടം16(6) അനുശാസിക്കും പ്രകാരം പാക്കേജിന് അർഹതയുള്ളവരുടെ വിചാരണ അഡ്മിനിസ്ട്രേറ്ററുടെ അദ്ധ്യക്ഷതയിൽ 17.11.2020, 18.11.2020 തീയതികളിൽ നടത്തിയിട്ടുള്ളതാണ്.

LARR Act-2013 സെക്ഷൻ 44, 01/11/2015 ലെ ജി.ഒ.(പി) 589/15/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് എന്നിവ പ്രകാരം പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള പാക്കേജ് അംഗീകരിക്കുന്നതിനുള്ള കമ്മീഷണറായി ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ലാൻഡ് അക്വിസിഷൻ ഓഫീസറുടെ റിപ്പോർട്ടിന്റെയും, അഡ്മിനിസ്ട്രേറ്ററുടെ വിചാരണയുടെയും സൂചന പ്രകാരം ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുള്ള

പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള പാക്കേജിൽ ഉൾപ്പെടുന്നവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ജില്ല: കോട്ടയം**

| ക്രമ നം. | അർഹരുടെ പേരും വിലാസവും | G.O(MS)448/17/RD Dated 29/12/2017 പ്രകാരമുള്ള ഘടകങ്ങൾ | പട്ടിക പ്രകാരമുള്ള തുക |
|---|---|---|---|
| 1 | ബൈജു, S/o ശ്രീധരൻ<br>ഈറ്റാം തറയിൽ,<br>ഉദയനാപുരം.പി.ഒ.,<br>നേരെക്കടവ് | 8,10 | 1,00,000/- |
| 2. | ടോമി ജോസഫ്<br>പുലിത്തുരുത്തേൽ<br>നേരെക്കടവ്<br>ഉദയനാപുരം.പി.ഒ | 10 | 50,000/- |
| 3. | ധനഞ്ജയൻ.ഡി<br>കരിയിൽ, ഉദയനാപുരം.പി.ഒ<br>നേരെക്കടവ് | 8 | 50,000/- |
| 4. | പി.കെ.രാധാകൃഷ്ണൻ<br>കളത്തിൽ, ഉദയനാപുരം.പി.ഒ<br>നേരെക്കടവ് | 10 | 50,000/- |
| 5. | സുനിൽകുമാർ,<br>നികർത്തിൽ<br>നേരെക്കടവ് | 1,5,6,10 | 4,60,000/- |
| | | **ആകെ** | 7,10,000/- |

**ജില്ല: ആലപ്പുഴ**

| ക്രമ നം. | അർഹരുടെ പേരും വിലാസവും | G.O(MS)448/17/RD Dated 29/12/2017 പ്രകാരമുള്ള ഘടകങ്ങൾ | പട്ടിക പ്രകാരമുള്ള തുക |
|---|---|---|---|
| 1 | രാമചന്ദ്രൻ, s/o നീലകണ്ഠൻ<br>നട്ടുഭാഗം, തൈക്കാട്ടുശ്ശേരി | 1,5,6,10 | 4,60,000/- |
| 2. | മാധുരി വടക്കേടിനാട്ടിൽ | 8 | 50,000/- |
| 3. | ശശിധരൻ<br>ആറ്റുകഴി, മണപ്പുറം, ചേർത്തല | 8 | 50,000/- |
| 4. | രേഖ, പൊറ്റകൽ<br>പള്ളിപ്പുറം.പി.ഒ. | 8 | 50,000/- |
| 5. | ഓമന<br>വേലികക്കത്ത്<br>തൈക്കാട്ടുശ്ശേരി | 8,10 | 1,00,000/- |

| | | | |
|---|---|---|---|
| 6. | ശോഭന<br>W/o ഷൺമുഖൻ, പറവന്തറ<br>തൈക്കാട്ടുശ്ശേരി | 8,10 | 1,00,000/- |
| 7. | ഷൺമുഖൻ<br>പറവന്തറ, തൈക്കാട്ടുശ്ശേരി | 8,10 | 1,00,000/- |
| 8. | പ്രകാശൻ<br>പുതുവയൽചിറ വീട്<br>നടുഭാഗം മുറി, മാക്കേകടവ്<br>തൈക്കാട്ടുശ്ശേരി | 8,10 | 1,00,000/- |
| | | **ആകെ** | **10,10,000/-** |

ജില്ലാ കളക്ടർ സമർപ്പിച്ച പാക്കേജ് വിശദമായി പരിശോധിച്ചതിൽ 2013-ലെ പൊന്നുംവില നിയമപ്രകാരം ചട്ടം-21 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുള്ളതായി കാണുന്നു. പൊതു ആവശ്യത്തിന് ഭൂമി വിട്ടു നൽകിയവർക്ക് പുനരധിവാസ പാക്കേജ് നിയമപ്രകാരം നൽകേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ ജില്ലാ കളക്ടർ സൂചന പ്രകാരം സമർപ്പിച്ചിട്ടുള്ള പാക്കേജ് അംഗീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

LARR Act-2013 സെക്ഷൻ 18 പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അംഗീകരിക്കപ്പെട്ട സ്കീം പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലും, ജില്ലാ കളക്ടർ, സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, തഹസിൽദാർ എന്നിവരുടെ ഓഫീസുകളിൽ പ്രാദേശിക ഭാഷയിൽ ലഭ്യമാക്കുന്നതിനും, ബാധിക്കപ്പെട്ട പ്രദേശങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനും, ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്/-)
**കമ്മീഷണർ**

പകർപ്പ്
ജില്ലാ കളക്ടർ
കോട്ടയം, ആലപ്പുഴ

ഉത്തരവിൻ പ്രകാരം

**സൂപ്രണ്ട്**

റ്റി5